# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നം ഇടാത്ത ചോദ്യം നമ്പർ. 3022 15.12.2015-ൽ മറുപടി പറയേണ്ടത്

പാലക്കാട് ജില്ലയിലെ റവന്യൂ റിക്കവറി നടപടി

| | ചോദ്യം<br>ശ്രീ. എം.ചന്ദ്രൻ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | 30.11.2015-ന് അവസാനിച്ച കാലയളവിൽ സ്റ്റേ ഉൾപ്പെടെ റവന്യൂ റിക്കവറി ഇനത്തിൽ എത്ര രൂപയാണ് പാലക്കാട് ജില്ലയിൽ നിന്നും പിരിച്ചെടുക്കുവാനുള്ളത്; | പാലക്കാട് ജില്ലയിൽ സ്റ്റേ ഉൾപ്പെടെ റവന്യൂ റിക്കവറി ഇനത്തിൽ ആകെ 2,83,91,93,282/- രൂപ കുടിശ്ശികയുണ്ട്. |
| (ബി) | ഇതിൽ എത്ര രൂപയ്ക്കുള്ള സ്റ്റേ അനുവദിച്ചിട്ടുണ്ട്; ഗവൺമെന്റ് സ്റ്റേ, കോടതി നൽകിയ സ്റ്റേ, മറ്റ് അധികാര സ്ഥാപനം നൽകിയ സ്റ്റേ എന്നിവ പ്രത്യേകം അറിയിക്കാമോ; | മേൽ സംഖ്യയിൽ സ്റ്റേ അനുവദിച്ചുള്ള ഇനത്തിൽ ആകെ 2,11,44,43,165/- രൂപയാണ്. ഇതിൽ ഗവൺമെന്റ് സ്റ്റേ ഇനത്തിൽ 35,72,03,447/- രൂപയും കോടതി സ്റ്റേ ഇനത്തിൽ 1,53,97,40,211/- രൂപയും മറ്റ് അധികാര സ്ഥാപനങ്ങൾ നൽകിയിട്ടുള്ള സ്റ്റേ ഇനത്തിൽ 21,74,99,507/- രൂപയുമാണ് ഉള്ളത്. |
| (സി) | ബാങ്കിലേയ്ക്ക് ഈടു നൽകാതെയും വിദ്യാഭ്യാസ വായ്പ എടുത്തവരും കാർഷിക വായ്പ എടുത്തവരും കുടിയിരുപ്പ് അല്ലാതെ മറ്റു സ്ഥാവരജംഗമ സ്വത്തുക്കൾ ഇല്ലാത്തവരുമായ കുടിശ്ശികക്കാരിൽ നിന്നും എങ്ങിനെയാണ് തുക പിരിച്ചെടുക്കുന്നത്; | സർക്കാർ തലത്തിൽ വായ്പാകുടിശ്ശികകൾ ഈടാക്കുന്നത് കേരള റവന്യൂ റിക്കവറി നിയമം 1968 ൽ അനുശാസിക്കുന്ന നിയമങ്ങളും ചട്ടങ്ങളും ആസ്പദമാക്കിയാണ്. |
| (ഡി) | ഇത്തരം കേസുകൾ എത്രയുണ്ട്; ഇവ പരിശോധിച്ച് റവന്യൂ റിക്കവറി നടപടി നിർത്തിവയ്ക്കുന്നതിനോ അല്ലെങ്കിൽ തിരികെ അയയ്ക്കുന്നതിനോ നടപടി സ്വീകരിക്കുമോ? | ബാങ്കുകൾ വായ്പാകുടിശ്ശിക ഈടാക്കുന്നതിനായി നൽകുന്ന അർത്ഥനകളിൽ വായ്പ സംബന്ധിച്ച വിവരങ്ങൾ നൽകാത്തതിനാൽ വായ്പയുടെ ഇനം തരം എന്നിവയുടെ വിവരങ്ങൾ ലഭ്യമല്ല. സ്ഥാവര ജംഗമ വസ്തുക്കളൊന്നും ഇല്ലാത്തവരുടെ പേരിലുള്ള ആർ.ആർ.നടപടികൾ നിർത്തിവെയ്ക്കേണ്ടത് റിക്കവറി ഉദ്യോഗസ്ഥരുടെ വിവേചനാധികാര പരിധിയിൽ വരുന്നതിനാൽ പ്രസ്തുത ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്. |

സെക്ഷൻ ഓഫീസർ